പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 489 — 11.12.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ചേർത്തല ഡിപ്പോയിൽ നിലവിലുള്ള ഷെഡ്യൂളുകൾ മുടങ്ങുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി. ചേർത്തല ഡിപ്പോയിൽ നിലവിലുള്ള ഷെഡ്യൂളുകൾ പലതും ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരവധി തവണ ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യമുന്നയിച്ചിട്ടും ചേർത്തല ഡിപ്പോയ്ക്ക് ബസ്സുകൾ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ; | (എ) | ചേർത്തല ഡിപ്പോയിൽ നിന്നും 99 ഷെഡ്യൂൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഇതിലേക്കായി 109 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ബസ്സുകളുടെ കുറവ് ശ്രദ്ധയിൽപെടുകയും പുതിയ 10 ബസ്സുകളും, പുനർ വിന്യാസം ചെയ്ത 6 ബസ്സുകളും അനുവദിച്ചിട്ടുണ്ട്.<br>ചില ദിവസങ്ങളിൽ മാത്രം സർവ്വീസിനു യോഗ്യമായി ആവശ്യത്തിനു ബസ് ലഭിക്കാത്തതു മൂലവും ജീവനക്കാർ ഹാജരാകാത്തതുമൂലവും കുറഞ്ഞ തോതിൽ ക്യാൻസലേഷൻ ഉണ്ടാകാറുണ്ട്. |
| (ബി) | നിലവിലുള്ള ഷെഡ്യൂളുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി മതിയായ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിലുള്ള 99 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ്സുകൾ ഉൾപ്പടെ 109 വാഹനങ്ങളാണ് ആവശ്യമായി വേണ്ടുന്നത്. നിലവിൽ 109 ബസ്സു കളും ചേർത്തല യൂണിറ്റിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ